THEODOSIUS MATHEWS METROPOLITAN
PATRIARCHAL VICAR OF SULTANATE OF OMAN

# JACOBITE SYRIAN CHRISTIAN CHURCH

(Under the Holy Apostolic See of Antioch and all the East)

JACOBITE SYRIAN CHRISTIAN CHURCH
METROPOLITAN THEODOSIUS MATHEWS OF KOLLAM DIOCESE
UNDER THE HOLY APOSTOLIC SEE OF ANTIOCH
2006

No. MS-07/2012

നമ്മുടെ ആത്മീയ വാത്സല്യവാന്മാരായ ബഹു. ജോബി വർഗ്ഗീസ് അച്ചനും കമാൻഡർ തോമസ് അലക്സാണ്ടറിനും, ഗാലാ മർത്തശ്ശ്മുനി ഇടവകയിൽ കൂടിവരുന്ന വിശ്വാസികൾക്കും കർത്താവിൽ വാഴ്‌വ്.

പ്രിയരെ സസ്നേഹം അറിയിക്കുന്നത്,

പരിശുദ്ധ സഭയുടെ പരമ മേലദ്ധ്യക്ഷൻ നി.വ.ദി.മ.മ.ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഈവാസ് ഒന്നാമൻ പത്രിയർക്കീസ് ബാവയുടെ No. E 69/2012 ശ്ലൈഹിക കല്പനപ്രകാരം ഒമാൻ-ഗാലാ മർത്തശ്ശ്മുനി ഇടവകയ്ക്കുവേണ്ടി ആത്മീയവും ഭരണപരവുമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ബഹു. അച്ചനെയും കമാൻഡർ ശ്രീമാൻ. തോമസ് അലക്സാണ്ടറിനെയും സഹായിക്കുന്നതിനായി ഒരു കമ്മിറ്റിയെ നോമിനേറ്റ് ചെയ്ത് ചുമതലപ്പെടുത്തുന്നു. (1) റവ. ഡീക്കൻ. സണ്ണി കെ.എം. (2) കമാൻഡർ ശ്രീ. ബാബു മാത്യു (3) ഷെവലിയാർ ശ്രീ. ഗീവർഗ്ഗീസ് ജോൺ (4) ശ്രീ. ബിജു മാത്യു (5) ശ്രീ. ജോർജ്ജ് വർഗ്ഗീസ്.

ബഹു. സണ്ണി ശെമ്മാശ്ശൻ ആരാധനകൾക്കും മറ്റ് ആത്മീയകാര്യങ്ങൾക്കും ബഹു. അച്ചനെ സഹായിക്കുവാൻ തക്കവണ്ണം ചുമതലപ്പെടുത്തുന്നു. ഈ ക്രമീകരണങ്ങൾക്ക് മേൽപ്പറഞ്ഞ ആർക്കെങ്കിലും താല്പര്യമില്ല എങ്കിൽ, രേഖാമൂലം നമ്മെ അറിയിക്കേണ്ടതാണ്. അടുത്ത പ്രാവശ്യം ഇടവക സന്ദർശനത്തിനു വരുമ്പോൾ വിപുലമായ ക്രമീകരണങ്ങൾ നിങ്ങളുമായി ആലോചിച്ചു ക്രമീകരിക്കുന്നതാണ്. സഭയുടെയും ഇടവകയുടെയും പുരോഗതിക്ക് സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ഓരോരുത്തരും അവരവരുടെ ചുമതലകൾ ശ്രേഷ്ഠമായി നിർവ്വഹിക്കുവാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയം അമ്മയുടെയും ശ്ലീഹന്മാരിൽ തലവന്മാരായ വി.പത്രോസിന്റെയും വി. പൗലോസിന്റെയും മർത്തശ്മുനി അമ്മയുടെയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ ആമ്മീൻ.

നിങ്ങൾ എല്ലാവരുടെയും ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

അടൂർ മിഖായേൽ മോർ
ദീവന്നാസിയോസ് ദയറായിൽനിന്നും.
2012 മെയ് മാസം 28-ാം തീയതി.

തേവോദോസിയോസ് മാത്യൂസ് മെത്രാപ്പോലീത്ത

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.......

Michael Mor Dionysius Dayro - Vadakkedathkavu P.O., Adoor - 691 529 - Pathanamthitta District, Kerala.
Mob.: 94474 06625, Fax: (04734) 225757 - e-mail: theodosiosmathews@gmail.com